(ബി) ഈ കോളനികളിൽ ഓരോന്നിലും ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട്; കോളനി തിരിച്ച് വിശദമാക്കാമോ;

(സി) ഭവനരഹിതരായവരുടെ പേര്, വിലാസം, എന്നിവ വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(ഡി) ഇവർക്കെല്ലാം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാകുന്നതിന് എന്തെങ്കിലും പാക്കേജ് കൊയിലാണ്ടി മണ്ഡലത്തിന് അനുവദിക്കുമോ;

(ഇ) ഈ കോളനികളിൽ വൈദ്യുതീകരണം നടന്നിട്ടില്ലാത്ത വീടുകൾ എത്ര; കോളനി തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ -സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഭവനരഹിതർക്ക് വകുപ്പിൽ നിന്ന് 3 ലക്ഷം രൂപ വീതം ഭവനിർമ്മാണ ധനസഹായം നൽകിവരുന്നുണ്ട്. കൊയിലാണ്ടി മണ്ഡലത്തിനായി പ്രത്യേകം പാക്കേജ് നിലവിൽ പരിഗണനയിലില്ല.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി വകുപ്പ് പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുക

265(4551) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര രൂപയാണ് ബജറ്റിൽ വകകൊള്ളിച്ചിരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര രൂപ ഓരോ വർഷവും പിൻവലിച്ചു; പിൻവലിച്ച തുകയിൽ എത്ര രൂപ ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു; അക്കൗണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്ത് ആവശ്യത്തിനുവേണ്ടിയാണ് പ്രസ്തുത തുക പിൻവലിച്ചത്; അതിൽ എത്ര രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് 2011-2012, 2012-2013, 2013-2014, 2014-2015 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

കോർപ്പസ് ഫണ്ട് (തുക ലക്ഷത്തിൽ)				പൂൾഡ് ഫണ്ട് (തുക ലക്ഷത്തിൽ)			
2011-2012	2012-2013	2013-2014	2014-2015	2011-2012	2012-2013	2013-2014	2014-2015
13614	11500	18179	28400	6000	5060	3000	2000

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

2014-2015 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നിവയിൽ വകയിരുത്തിയിട്ടുള്ള തുക അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനായി പിൻവലിച്ചിട്ടില്ല.

(സി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും, പരിശീലന പരിപാടികളുടെയും നിർവ്വഹണത്തിനായാണ് പ്രസ്തുത തുക കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നിവയിൽനിന്ന് പിൻവലിച്ചത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായ നിധി

266 (4552) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽനിന്ന്, ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സഹായം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) അപേക്ഷിച്ച് മൂന്നു മാസത്തിനകം ഗുണഭോക്താവിന് ധനസഹായം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുവാൻ സത്വര നടപടികൾ കൈക്കൊള്ളുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.